**പതിമൂന്നാം കേരള നിയമസഭ ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-604**
**06/02/2013 ലെ മറുപടിക്ക്**

**എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട്**

**ചോദ്യം** **ഉത്തരം**

**ശ്രീമതി പി.അയിഷാ പോറ്റി** **ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം, രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സ്വാശ്രയ കാർഷിക വിപണികൾക്ക് കെട്ടിടം, ഫർണിച്ചറുകൾ എന്നീ പ്രവർത്തികൾക്ക് എം.എൽ.എ മാരുടെ പ്രാദേശിക വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്നതും പൊതുജനോപകാര പ്രദവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഈ ഫണ്ട് വിനിയോഗിക്കേണ്ടത്. എന്നാൽ ക്ഷീര വികസന സൊസൈറ്റികളുടെ സ്കീമുകൾക്ക് വേണ്ടിയും ക്ഷീര സഹകരണ സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ/മിൽക്ക് ടെസ്റ്റിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും നിലവിൽ അനുമതിയുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുമതിയില്ല. സർക്കാർ/എയ്ഡഡ് സ്കൂളുകൾ/കോളേജുകൾക്ക് മാത്രമേ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതിയുള്ളൂ. റജിസ്റ്റേഡ് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതിയില്ല. സ്വാശ്രയ കാർഷിക വിപണികൾക്ക് കെട്ടിടം, ഫർണിച്ചർ എന്നീ പ്രവൃത്തികൾ നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം അനുവദനീയമല്ല. |

**സെക്ഷൻ ഓഫീസർ**